കേരള സർക്കാർ

നം. ഐ.എ 1/ 116/ 2020/ തസ്വഭവ.
തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി, 01/ 06/ 2020

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കമ്മ്യൂണിറ്റി കിച്ചൻ - നിർത്തലാക്കിയ കമ്മ്യൂണിറ്റി കിച്ചനുകളിൽ ലഭ്യമായ ഭക്ഷ്യവസ്തുക്കളുടെ വിതരണം - സംബന്ധിച്ച്.

സൂചന:- 1. 26.03.2020 -ലെ സ.ഉ.(സാധാ) നം. 713/ 2020/ ത.സ്വ.ഭ.വ.
2. 03.04.2020 -ലെ സ.ഉ.(സാധാ) നം. 733/ 2020/ ത.സ്വ.ഭവ.

************************

കൊവിഡ് -19 നിർവ്യാപന/പ്രതിരോധ നടപടികളുടെ ഭാഗമായി ബഹു: മുഖ്യമന്ത്രി പ്രഖ്യാപിച്ച ആശ്വാസ നടപടികളിൽ ഉൾപ്പെട്ട കമ്മ്യൂണിറ്റി കിച്ചനുകളുടെ രൂപീകരണവും നടത്തിപ്പും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നല്കി സൂചന (1) & (2) പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം ആരംഭിച്ചതും പിന്നീട് ആവശ്യകതയുടെ അഭാവത്തിൽ പ്രവർത്തനം നിർത്തി വച്ചതുമായ കമ്മ്യൂണിറ്റി കിച്ചനുകളിൽ സംഭാവനയായും സ്പോൺസർഷിപ്പ് മുഖേനയും മറ്റും ലഭിച്ച ഭക്ഷ്യവസ്തുക്കളിൽ ശേഷിക്കുന്നവ കെയർ ഹോമുകൾക്കും അഗതി രഹിത കേരളം പദ്ധതിയിൽ അതത് തദ്ദേശ സർക്കാരുകൾ തെരഞ്ഞെടുത്തിട്ടുള്ളവർക്കും, തദ്ദേശ സ്ഥാപനതല മോണിട്ടറിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി, വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അതത് തദ്ദേശസ്ഥാപനങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

**മിനിമോൾ ഡി.**
**ജോയിന്റ് സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.